"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കൊല്ലം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റിലെ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന, ശ്രീ.എസ്.ദിനേശ് (നിലവിൽ വർക്കിങ് പ്ലാൻ ഓഫീസർ, പുനലൂർ) ടിയാന്റെ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയാനന്തര ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.577/2022/F&WLD തീയതി,തിരുവനന്തപുരം, 24-12-2022

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.05.2021 - ലെ KFDHQ/1811/2021-ADMIN/H2 നമ്പർ കത്ത്

### ഉത്തരവ്

കൊല്ലം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റിലെ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന (നിലവിൽ വർക്കിങ് പ്ലാൻ ഓഫീസർ, പുനലൂർ ആയ), ശ്രീ. എസ്.ദിനേശ്, 23/12/2019 മുതൽ 22/06/2020 വരെ തിരുവനന്തപുരം കിംസ് ഹോസ്പിറ്റലിൽ, ടിയാന്റെ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയാനന്തര ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും, ശിപാർശ സഹിതം പരാമർശം കത്ത് പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റിലെ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന (നിലവിൽ വർക്കിങ് പ്ലാൻ ഓഫീസർ, പുനലൂർ ആയ), ശ്രീ. എസ്.ദിനേശിന്റെ (പെൻ:153893) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ തുടർ ചികിത്സയ്ക്ക്, തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 23.12.2019 മുതൽ 22.06.2020 വരെ ചെലവായ തുകയിൽ, ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ചിരിക്കുന്ന 94,613/- (തൊണ്ണൂറ്റി നാലായിരത്തി അറുന്നൂറ്റി പതിമൂന്ന്) രൂപയുടെ 80% ആയ 75,690/- (എഴുപത്തയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ് ) രൂപ മാത്രം പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ( ഭരണം ),
തിരുവനന്തപുരം ( അപേക്ഷയും അനുബന്ധ രേഖകളും സഹിതം ).
ശ്രീ. എസ്.ദിനേശ് ( അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (

ഭരണം ) മുഖേന ).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം .

ധന (ലോൺസ് ) വകുപ്പ് ( Loans-L1/354/2022-FIN (E 2168553) തീയതി - 24/08/2022 പ്രകാരം ).

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Noushad S**

**Date: 05-01-2023 11:53:16**

സെക്ഷൻ ഓഫീസർ